പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2013 **26-10-2026-ൽ മറുപടിയ്ക്ക്**

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ഒഴിവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഒഴിവുള്ള തസ്തികകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അവസാനമായി റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും തീയതിയും ജില്ല തിരിച്ച് വിശദമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവുള്ള തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണവും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത തീയതികളും അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത തസ്തികയുടെ പ്രമോഷൻ തസ്തികകയായ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

മറുപടി: പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക ആരോഗ്യവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇല്ല.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	ഒഴിവ്
തിരുവനന്തപുരം	1
കൊല്ലം	1
പത്തനംതിട്ട	ഒഴിവില്ല
കോട്ടയം	1
ആലപ്പുഴ	ഒഴിവില്ല
എറണാകുളം	2
തൃശ്ശൂർ	3

പാലക്കാട്	2
കോഴിക്കോട്	ഒഴിവില്ല
കണ്ണൂർ	ഒഴിവില്ല
ഇടുക്കി	2
കാസർഗോഡ്	2
മലപ്പുറം	9
വയനാട്	8

(സി) പബ്ലിക് ഹെൽത്ത് നഴ്സ് പ്രമോഷനായുള്ള ലിസ്റ്റ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ നടപടി എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ?

മറുപടി: പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവന വിവരങ്ങൾ ജില്ലകളിൽനിന്നും ലഭ്യമാക്കുകയും സീനിയോറിറ്റി റാങ്ക് നമ്പർ 501 മുതൽ 710 വരെയുള്ള യോഗ്യരായ 186 പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -1 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ സ്ഥാനക്കയറ്റം നടത്തിയതിന് ശേഷമുള്ള ഒഴിവുകൂടി പരിഗണിച്ച് റാങ്ക് നമ്പർ 711 മുതലുള്ള അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവുള്ള തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണവും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത തീയതികളും

ക്രമ.നം	ജില്ല	ആകെ ഒഴിവുകളുടെ എണ്ണം	PSC ക്ക് റിപ്പോർട്ട് ചെയ്ത തീയതി.
1	തിരുവനന്തപുരം	ആരോഗ്യവിദ്യാഭ്യാസ വകുപ്പിന് കീഴിൽ - 1 ഒഴിവ് (എൻ .ജെ .ഡി)	12.08.2026
		ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 14 വേക്കൻസി ഉളളതിൽ 13 എണ്ണം NOC നൽകിയതിനാൽ ഡിസെബിലിറ്റി ഉള്ളവരെ നിയമിക്കുന്നതിന് Employment Exchange ലേക്കും - 1 vacancy PSC ലേക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.	22.10.2026
2	കൊല്ലം	5 **ഒഴിവുകൾ**	15.03.2026
3	പത്തനംതിട്ട	18 **ഒഴിവുകൾ**	01.07.2026
4	ആലപ്പുഴ	24 **ഒഴിവുകളിൽ** - 10 എണ്ണം PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഒരു ഒഴിവ് അനധികൃത അവധിയാണ്	18.08.2026
5	കോട്ടയം	04 **ഒഴിവുകളിൽ** - 03 എണ്ണം PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഒരു ഒഴിവ് ആശ്രിത നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്	05.05.2026
6	ഇടുക്കി	16 **ഒഴിവുകളിൽ** - 15 എണ്ണം PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഒരു ഒഴിവ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്	22.10.2026
7	എറണാകുളം	18 ഒഴിവുകൾ. ഒരു ഒഴിവ് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്	19.06.2026
8	തൃശ്ശൂർ	72 ഒഴിവുകൾ	26.03.2026
9	പാലക്കാട്	12 ഒഴിവുകൾ	16.10.2026
10	മലപ്പുറം	113 ഒഴിവുകൾ	22.10.2026
11	കോഴിക്കോട്	01 ഒഴിവ്	22.10.2026
12	വയനാട്	28 ഒഴിവുകൾ	07.08.2026
13	കണ്ണൂർ	110 ഒഴിവുകൾ	01.10.2026
14	കാസർഗോഡ്	70 ഒഴിവുകൾ	15.09.2026

Section officer